**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 465**
**10.03.2015 ലെ മറുപടിക്ക്**
**ആസ്തി വികസന ഫണ്ട് വിനിയോഗം**

| **ചോദ്യം.**<br>**ശ്രീ.എം.പി. വിൻസെന്റ്** | | **ഉത്തരം.**<br>**ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി** |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കുവാൻ അവയുടെ നിർവ്വഹണം ജില്ലാകളക്ടർമാരെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളെല്ലാം പാലിച്ച് ഭരണ വകുപ്പിന്റെ ശുപാർശയോടെ ധനനുമതിയ്ക്കായും ഫണ്ട് റിലീസിനും എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും കാലവിളംബം കൂടാതെ തന്നെ തീരുമാനമെടുക്കാറുണ്ട്. ആസ്തി വികസന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്ക് NIC യുമായി ചേർന്ന് സോഫ്റ്റ് വെയർ അധിഷ്ഠിതമായ ഒരു സംരംഭത്തിനു തുടക്കം കുറിക്കാൻ ധന വകുപ്പിൽ ഉന്നതതല ചർച്ചകൾ നടന്നു വരുന്നു. താരതമ്യേന വലിയ അടങ്കലുള്ള പ്രവർത്തികളാണ് ആസ്തി വികസന പദ്ധതിൻകീഴിൽ നിർദ്ദേശിക്കപ്പെടുന്നത്. ആയതിനാൽ പ്രാദേശിക വികസന ഫണ്ടിന്റെ മാതൃകയിൽ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്ന വിഷയം തൽക്കാലം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**